# ഉൾക്കാഴ്ച

വിമൽ കുമാർ വി.,
ഡോ.കെ.സി. അബ്ദുൾ മജീദ്

# സ്വതന്ത്ര സോഫ്റ്റ്‌വെയർ സാധ്യതകൾ

## കേരളത്തിലെ പൊതു ഗ്രന്ഥശാലകളുടെ നവീനവൽകരണത്തെക്കുറിച്ച്

വിവര സാങ്കേതികവിദ്യ സമൂഹത്തിന്റെ സമസ്ത മേഖലകളെയും മാറ്റത്തിനു നിർബന്ധിച്ചു കൊണ്ടിരിക്കുന്ന ഒരു കാലമാണിത്. വിനോദം, വിജ്ഞാനം, വിദ്യാഭ്യാസം, ആശയവിനിമയ സങ്കേതങ്ങൾ മുതലായവ സാങ്കേതിക വിദ്യയുടെ പുരോഗതിക്കനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളിലും സേവനങ്ങളിലും വിവിധ സാങ്കേതിക വിദ്യകൾ നേരിട്ടും അല്ലാതെയും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. ഏതു മേഖലയിലായാലും സാങ്കേതികവിദ്യകളെ അവഗണിച്ചു കൊണ്ട് മുന്നോട്ടു പോകുക എന്നത് അസാധ്യമായ കാര്യമാണ്. മാറ്റങ്ങളെ കൃത്യമായി മനസിലാക്കുകയും സ്വാംശീകരിക്കുകയും ചെയ്യാത്ത പക്ഷം അതിജീവനം ബുദ്ധിമുട്ടാകും. അമേരിക്കൻ ചിന്തകനായ ആൽവിൻ റ്റോഫ്ളറിന്റെ അഭിപ്രായത്തിൽ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ നിരക്ഷരരായി കണക്കാക്കപ്പെടുന്നവർ, വായിക്കാനോ എഴുതാനോ കഴിയാത്തവർ ആയിരിക്കില്ല, പഠിക്കാനും പഠിച്ചത് മറന്നു കൊണ്ട്, പുതിയ കാര്യങ്ങൾ പഠിക്കാനും ശ്രമിക്കാത്തവർ ആയിരിക്കും. സാങ്കേതിക വിദ്യകൾ കുറഞ്ഞ കാലം കൊണ്ട് പൊതു സമൂഹത്തിന്റെ ജീവിത ശൈലിയിലും കാഴ്ചപ്പാടുകളിലും ഉണ്ടാക്കിയ മാറ്റങ്ങൾ അൽഭുതമുളവാക്കുന്നവയാണ്.

സാമ്പത്തിക ഉദാരവൽകരണം, കമ്പ്യൂട്ടർവൽകരണം, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, സമൂഹ മാധ്യമങ്ങൾ എന്നിവ കേരള സമൂഹത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ പൊതു ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ട്. വിജ്ഞാന വിനോദ ആവശ്യങ്ങൾക്കായി പൊതുജനങ്ങൾ ഗ്രന്ഥശാലകളെ ആശ്രയിക്കുന്ന പ്രവണത കുറഞ്ഞിട്ടുണ്ട്. കേരള സമൂഹത്തിന്റെ സാംസ്കാരിക, വിനോദ-വിജ്ഞാന ആവശ്യങ്ങൾ നിറവേറ്റാനുള്ള അടിസ്ഥാന സൗകര്യങ്ങളും മനുഷ്യ വിഭവശേഷിയും പൊതു ഗ്രന്ഥശാലകൾക്കുണ്ട്. ഗ്രന്ഥശാലാ സേവനങ്ങളെ സമൂഹത്തിന്റെ വിരൽത്തുമ്പിലേക്ക് എത്തിക്കാൻ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമാക്കുകയും അതിനാവശ്യമായ പരിശീലനം ഗ്രന്ഥശാലാ പ്രവർത്തകർക്ക് നൽകുകയും വേണം. പുതിയ സാഹചര്യത്തിൽ ഗ്രന്ഥശാലകളെ സജ്ജമാക്കുന്നതിനാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നവീനവൽകരണ പദ്ധതി തയാറാക്കിയിരിക്കുന്നത്. ഗ്രന്ഥശാലാ പ്രവർത്തകർക്കുള്ള പരിശീലനവും കമ്പ്യൂട്ടർവൽകരണത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കലും നവീനവൽകരണ പദ്ധതിയുടെ പ്രധാന പ്രവർത്തന ഘട്ടങ്ങളാണ്.

### ഗ്രന്ഥാലയങ്ങളിലെ കമ്പ്യൂട്ടർവൽകരണം

ഗ്രന്ഥാലയങ്ങളിലെ പ്രവൃത്തികൾ യന്ത്രവൽകരിക്കുക എന്നതാണ് കമ്പ്യൂട്ടർവൽകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗ്രന്ഥാലയ സംബന്ധിയായ എല്ലാ പ്രവൃത്തികളും കൈകാര്യം ചെയ്യാൻ പറ്റുന്ന സോഫ്റ്റ്‌വെയറുകൾ ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം എന്ന് അറിയപ്പെടുന്നു. ബഡ്ജറ്റ് തയാറാക്കൽ, പുസ്തകങ്ങൾ വാങ്ങിക്കുക, കാറ്റലോഗിങ്, പുസ്തക വിതരണം, ഓൺലൈൻ കാറ്റലോഗ്, ആനുകാലികങ്ങൾ വരവ് വയ്ക്കൽ, ഇ- മെയിൽ, എസ്.എം.എസ് വഴി അറിയിപ്പുകൾ നൽകൽ തുടങ്ങി എല്ലാവിധ ഗ്രന്ഥശാലാ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ പറ്റുന്ന ഘടകങ്ങൾ (Modules)


ഗ്രന്ഥാലയ സോഫ്റ്റ്‌വെയറുകളിൽ ഉണ്ടാവും. ഗ്രന്ഥാലയങ്ങളിലെ ദൈനംദിന പ്രവൃത്തികളായ കാറ്റലോഗിങ്, പുസ്തക വിതരണം, റിപ്പോർട്ടുകൾ തയാറാക്കൽ തുടങ്ങിയ ജോലികൾ ദൈനംദിനം ചെയ്യേണ്ടതും ആവർത്തന സ്വഭാവമുള്ളവയുമാണ്. ഇത്തരം ജോലികൾ സോഫ്റ്റ്‌വെയർ ഉപയോഗിച്ചു കൊണ്ട് ലഘൂകരിക്കുക വഴി സമയം ലാഭിക്കാനും ഗ്രന്ഥാലയ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകാനും സാധിക്കുന്നതാണ്.

സ്വകാര്യ കമ്പനികളുടെ സോഫ്റ്റ്‌വെയറുകൾ ആയിരുന്നു ഗ്രന്ഥശാലകളിൽ ഉപയോഗിച്ചു വന്നിരുന്നത്. ഗ്രന്ഥാലയ സോഫ്റ്റ്‌വെയറുകളുടെ ഉയർന്ന വില താങ്ങാൻ പൊതു ഗ്രന്ഥശാലകൾ അടക്കമുള്ള ഒട്ടുമിക്ക സ്ഥാപങ്ങൾക്കും സാധിക്കുമായിരുന്നില്ല. പ്രാദേശികമായി ലഭിക്കുന്ന ഗ്രന്ഥാലയ സോഫ്റ്റ്‌വെയറുകളുടെ നിലവാരമില്ലായ്മ, ആവർത്തന സ്വഭാവമുള്ള ചെലവുകൾ, ലൈബ്രറി ജീവനക്കാരുടെ കമ്പ്യൂട്ടർ പരിശീലനത്തിന്റെ അഭാവം, ഇന്റർനെറ്റിന്റെ ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങൾ കൊണ്ടു തന്നെ ഇന്ത്യയിലെ ഭൂരിഭാഗം ഗ്രന്ഥശാലകളും കമ്പ്യൂട്ടർവൽകരണത്തിനു വിധേയമായിരുന്നില്ല. കമ്പ്യൂട്ടർവൽകരണത്തിന്റെ ഗുണങ്ങൾ സാമ്പത്തിക ശേഷിയുള്ള ഗ്രന്ഥശാലകളിൽ മാത്രം ഒതുങ്ങി നിന്നിരുന്നു. യുജിസി (UGC INFLIBNET Cetnre) സോൾ (SOUL) എന്ന ഗ്രന്ഥാലയ സോഫ്റ്റ്‌വെയർ വികസിപ്പിച്ചു യൂണിവേഴ്സിറ്റി, കോളജ് ലൈബ്രറികൾക്കു മിതമായ നിരക്കിൽ നൽകിയിരുന്നെങ്കിലും പൊതു ഗ്രന്ഥശാലകളിൽ ഉപയോഗിക്കാൻ പറ്റിയ സാഹചര്യം ഉണ്ടായിരുന്നില്ല.

## സ്വതന്ത്ര സോഫ്റ്റ്‌വെയർ ഗ്രന്ഥശാലകളിൽ

വാണിജ്യ സോഫ്റ്റ്‌വെയറുകളിൽ ഉള്ള പോലെ പകർപ്പവകാശ നിയന്ത്രണങ്ങൾ ഇല്ലാത്തവയാണ് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ. റിച്ചാർഡ് സ്റ്റാൾമാന്റെ നേതൃത്വത്തിൽ ആണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം ആരംഭിച്ചത്. പൊതുസമൂഹത്തിനു പകർപ്പവകാശ നിയന്ത്രണങ്ങൾ ഇല്ലാത്ത മെച്ചപ്പെട്ട സോഫ്റ്റ്‌വെയർ ലഭ്യമാക്കുക എന്നതാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നവർക്ക് ധാരാളം സാധ്യതകളും സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം തുറന്നിടുന്നു. വാണിജ്യ സോഫ്റ്റ്‌വെയറുകളിൽ നിന്ന് വ്യത്യസ്തമായി സോഫ്റ്റ്‌വെയറിന്റെ മൂല രൂപം (source code) സ്വതന്ത്ര സോഫ്റ്റ്‌വെയർ സംരംഭങ്ങൾ ലഭ്യമാക്കുന്നു. ഇത് മൂലം സോഫ്റ്റ്‌വെയർ ഡെവലപ്പർമാർക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ സംരംഭങ്ങളിൽ പങ്കാളികൾ ആകാനും സോഫ്റ്റ്‌വെയർ കൂടുതൽ മെച്ചപ്പെടുത്താനും സാധിക്കും. ഉപയോക്താക്കൾക്ക് സോഫ്റ്റ്‌വെയർ നിർമാണ സംരംഭത്തിൽ പങ്കെടുക്കാനും മെച്ചപ്പെടുത്താനുമുള്ള നിർദേശങ്ങൾ നൽകാനുള്ള വേദികൾ ഉണ്ട്. ഇക്കാരണങ്ങൾ കൊണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ നിരന്തരമായ മെച്ചപ്പെടുത്തലിനു വിധേയമാകുന്നു.

സ്വതന്ത്ര സോഫ്റ്റ്‌വെയർ എല്ലാ മേഖലകളിലും ഇന്ന് ഉപയോഗിച്ചു വരുന്നു. കേരള സംസ്ഥാനം സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗത്തിൽ നല്ലൊരു മാതൃക ആണ് സൃഷ്ടിച്ചിരിക്കുന്നത്. ഇ-ഗവേർണൻസ് പദ്ധതികളിലും മലയാള ഭാഷയുടെ കമ്പ്യൂട്ടർവൽകരണത്തിലും വിദ്യാഭ്യാസ മേഖലയിലും സ്വതന്ത്ര സോഫ്റ്റ്‌വെയർ വിജയകരമായി ഉപയോഗിച്ചു വരുന്നു. സർക്കാർ സ്കൂളുകളിലെ കമ്പ്യൂട്ടർ അധിഷ്ഠിത



പഠനത്തിനായുള്ള ഐടി@സ്കൂൾ പദ്ധതി അന്താരാഷ്ട്ര പ്രശംസ പിടിച്ചു പറ്റിയതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗം പരമാവധി പ്രോൽസാഹിപ്പിക്കുക എന്നത് കേരള സർക്കാരിന്റെ ഐ.ടി നയത്തിന്റെ ഭാഗമാണ്.

ഗ്രന്ഥശാലകളിലെ വിവിധ ആവശ്യങ്ങൾക്കുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ലഭ്യമാണ്. ലൈബ്രറി മാനേജ്മന്റ്, ഡിജിറ്റൽ ലൈബ്രറി, ജേർണൽ പ്രസാധനം, വെബ്സൈറ്റ്/ പോർട്ടൽ/ ബ്ലോഗ് തുടങ്ങിയ ആവശ്യങ്ങൾക്ക് യോജിച്ച സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ആഗോളതലത്തിൽ തന്നെ ഗ്രന്ഥശാലകൾ ഉപയോഗിച്ചു വരുന്നു. കേരളത്തിലെ പൊതു ഗ്രന്ഥശാലകൾ ഒഴികെയുള്ള ഭൂരിഭാഗം ഗ്രന്ഥശാലകളും സ്വതന്ത്ര സോഫ്റ്റ്‌വെയറായ 'കോഹ' ആണ് കമ്പ്യൂട്ടർവൽകരണത്തിന് ഉപയോഗിച്ചിരിക്കുന്നത്.

ഡൽഹി പബ്ലിക് ലൈബ്രറി 2007 ൽ കോഹ സോഫ്റ്റ്‌വെയർ ഉപയോഗിച്ചു തുടങ്ങിയത് ഇന്ത്യയിൽ കൂടുതൽ ഗ്രന്ഥശാലകളിൽ കോഹ ഉപയോഗിച്ച് തുടങ്ങാൻ പ്രേരണയായി. ഇന്ത്യയിലെ പ്രമുഖ ഗ്രന്ഥശാലകൾ എല്ലാം തന്നെ കോഹ ഉപയോഗിക്കുന്നു. കേരളവും വെസ്റ്റ് ബംഗാളും ആണ് കോഹ ഉപയോഗത്തിൽ മുൻപന്തിയിൽ നിൽക്കുന്ന രണ്ടു സംസ്ഥാനങ്ങൾ. ഐഐടി, എൻഐടി, യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ, പ്രമുഖ പൊതു ഗ്രന്ഥശാലകൾ, ഉപയോഗിച്ചു വന്നിരുന്ന സോഫ്റ്റ്‌വെയറിൽ നിന്ന് കോഹ സോഫ്റ്റ്‌വെയറിലേക്കു മാറി. കേരളത്തിലെ ഭൂരിഭാഗം വരുന്ന കോളെജുകൾ, ഗവേഷണ കേന്ദ്രങ്ങൾ, എല്ലാ യൂണിവേഴ്സിറ്റികളും കോഹ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നവരാണ്.

## കോഹ സോഫ്റ്റ്‌വെയർ

ന്യൂസിലൻഡിലെ ഹോറോവെനുവ (Horowhenua) ഗ്രന്ഥശാല ട്രസ്റ്റിന് വേണ്ടിയാണ് കോഹ സോഫ്റ്റ്‌വെയർ ആദ്യമായി നിർമിക്കുന്നത്. ഗ്രന്ഥശാല തന്നെ മുൻകൈയെടുത്തു കോഹ സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയി പ്രഖ്യാപിച്ചു കൊണ്ട് 2000 ൽ ആഗോള സമൂഹത്തിനു സമർപ്പിച്ചു. വൈകാതെ തന്നെ അമേരിക്കയിലെയും യൂറോപ്പിലെയും ലൈബ്രറികൾ കോഹ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തുടങ്ങുകയും ചെയ്തു. കൂടുതൽ ഗ്രന്ഥശാലകൾ കോഹ സോഫ്റ്റ്‌വെയർ പദ്ധതിയിൽ പങ്കു ചേരുകയും കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തു. ഗ്രന്ഥാലയങ്ങളിലെ എല്ലാ പ്രവൃത്തികളും കമ്പ്യൂട്ടർവൽകരിക്കാൻ അനുയോജ്യമായ ഒരു സമ്പൂർണ സോഫ്റ്റ്‌വെയർ എന്ന നിലയിലേക്ക് എത്തിക്കാൻ കോഹ സോഫ്റ്റ്‌വെയർ പദ്ധതിക്ക് കഴിഞ്ഞിരിക്കുന്നു.

ജി.പി.എൽ. (GPL) സ്വതന്ത്ര സോഫ്റ്റ്‌വെയർ ലൈസൻസ്, പ്രാദേശിക ഭാഷകൾ പ്രതിനിധീകരിക്കാനുള്ള കഴിവ്, ഗ്രന്ഥാലയ മാനദണ്ഡങ്ങൾ പാലിക്കുന്നു, വ്യാപാര താൽപര്യങ്ങൾ ഇല്ല തുടങ്ങിയ പ്രത്യേകതകൾ ആണ് കോഹ സോഫ്റ്റ്‌വെയറിനെ ഗ്രന്ഥാലയങ്ങൾക്ക് പ്രിയപ്പെട്ടതാക്കിയത്. പൂർണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഘടകങ്ങൾ ഉപയോഗിച്ചാണ് കോഹ സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നത്. ഡെബിയൻ അല്ലെങ്കിൽ ഉബുണ്ടു ലിനക്സ് ഓപ്പറേറ്റിങ് സിസ്റ്റത്തിൽ വേണം 'കോഹ' ഇൻസ്റ്റാൾ ചെയ്യേണ്ടത്. മരിയ ഡി.ബി. ഡാറ്റാബേസ്, അപ്പാച്ചെ വെബ് സെർവർ, സീബ്ര സെർച്ച് എൻജിൻ തുടങ്ങിയവയാണ് കോഹ സോഫ്റ്റ്‌വെയർ പ്രവർത്തിക്കാൻ വേണ്ട മറ്റു സ്വതന്ത്ര സോഫ്റ്റ്‌വെയർ ഘടകങ്ങൾ.

ലോകത്തിന്റെ വിവിധ ഭാഗത്തു നിന്നുള്ള പ്രോഗ്രാമർമാർ, ഗ്രന്ഥാലയങ്ങൾ, കമ്പനികൾ, ഗ്രന്ഥാലയ പ്രവർത്തകർ തുടങ്ങിയവരുടെ കൂട്ടായ്മയാണ് കോഹ സോഫ്റ്റ്‌വെയർ സംരംഭത്തെ നയിക്കുന്നത്. വിവിധ സംഘടനകളും ഗ്രന്ഥാലയങ്ങളും കമ്പനികളും ആളും അർഥവും നൽകി കോഹ സ്വതന്ത്ര സോഫ്റ്റ്‌വെയർ സംരംഭത്തെ സഹായിച്ചു വരുന്നു. അമേരിക്കയിലെ നെൽസൺ വില്ലെ പബ്ലിക് ലൈബ്രറിയുടെ സഹായത്തോടെ ആണ് പുസ്തക വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കാൻ ഉതകുന്ന എം.എ.ആർ. സി (MARC) മാനദണ്ഡം കോഹയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞത്.

## കേരളത്തിലെ പൊതു ഗ്രന്ഥശാലകളുടെ കമ്പ്യൂട്ടർവൽകരണം


കേരളത്തിലെ ഭൂരിഭാഗം പൊതു ഗ്രന്ഥാലയങ്ങളിലും കമ്പ്യൂട്ടർവൽകരണം നടന്നിട്ടില്ല. പരമ്പരാഗത ഗ്രന്ഥാലയ സേവനങ്ങൾ നൽകി വരുന്നുണ്ടെങ്കിലും, നവീന രീതിയിലുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുക എന്നത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. അതിന് കേന്ദ്രീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിച്ചു കൊണ്ട് കേരളത്തിലെ എല്ലാ പൊതു ഗ്രന്ഥാലയങ്ങളെയും സേവനങ്ങളെയും ഒരു നെറ്റ്‌വർക്കിൽ കൊണ്ടുവരേണ്ടതുണ്ട്. കേരളത്തിലെ പൊതു ഗ്രന്ഥാലയങ്ങളെ ഒരു കുടക്കീഴിൽ ആക്കുക വഴി ലൈബ്രറികളിലെ വിജ്ഞാനവിവര ശേഖരങ്ങൾ കൂടുതൽ ആൾക്കാർക്ക് ലഭ്യമാക്കാനും സാധിക്കും. വിദേശത്തുള്ള പൊതു ഗ്രന്ഥാലയങ്ങളുടെ നെറ്റ്‌വർക്കുകൾ ഇത്തരത്തിൽ സജ്ജീകരിച്ചിട്ടുള്ളവ ആണ്. ഇന്റർ ലൈബ്രറി ലോൺ, ഓൺലൈൻ റഫറൻസ് സേവനങ്ങൾ, ഡോക്യുമെന്റ് ഡെലിവറി, ഇ- ബുക്കുകൾ, ഇലക്ട്രോണിക് ഡാറ്റാബേസുകൾ തുടങ്ങിയ നവീന സേവനങ്ങൾ അവർക്ക് നൽകാനാവുന്നുണ്ട്. അധ്യാപകർക്കും

വിദ്യാർഥികൾക്കും ഗവേഷകർക്കും കൂടി ഇത്തരം സേവനങ്ങൾ പ്രയോജനപ്പെടുത്താൻ ആവും. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ (യൂണിവേഴ്സിറ്റി, കോളെജ്) ഭൂരിഭാഗം ലൈബ്രറികളും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ചു കൊണ്ട് കമ്പ്യൂട്ടർവൽകരണം നടത്തിക്കഴിഞ്ഞു. കേരളത്തിലെ പൊതു ഗ്രന്ഥശാലകൾക്ക് നവീനവൽകരണത്തിന്റെ കാര്യത്തിൽ മറ്റു ഗ്രന്ഥശാലകളുടെ ഒപ്പം എത്താനായിട്ടില്ല.

എണ്ണായിരത്തിലധികം വരുന്ന കേരളത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലാണ് ഏകോപിപ്പിക്കുന്നത്. ഗ്രന്ഥാലയ പ്രവർത്തകർക്കും ഭാരവാഹികൾക്കും ഉള്ള വിവിധ പരിശീലനങ്ങൾ ജില്ലാ, താലൂക്ക്, സംസ്ഥാന തലം കേന്ദ്രീകരിച്ച് നൽകി വരികയും ചെയ്യുന്നുണ്ട്. ഗ്രഡേഷൻ മാനദണ്ഡങ്ങൾ നവീകരിച്ചു കൊണ്ട് ഗ്രന്ഥശാലാ പ്രവർത്തനങ്ങളെ മൽസരക്ഷമമാക്കാനും ഏറെക്കുറെ സാധിച്ചിട്ടുണ്ട്. കേരളത്തിലെ പൊതു ഗ്രന്ഥശാലകളിൽ ആധുനികവൽകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള ലൈബ്രറി കൗൺസിൽ ബൃഹത്തായ ഒരു പ്രവർത്തന പദ്ധതിയുമായി മുന്നിട്ടിറങ്ങിയത്. അടിസ്ഥാന സൗകര്യമൊരുക്കൽ, കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കൽ, ഗ്രന്ഥശാലാ പ്രവർത്തകർക്കുള്ള പരിശീലനം, ഗ്രന്ഥശാലകളെ ബന്ധിപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കൽ, കേരളത്തിലെ എല്ലാ ഗ്രന്ഥശാലകളിലെയും പുസ്തക വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങളാണ് നവീനവൽകരണ പ്രവർത്തനത്തിലെ പ്രധാന ലക്ഷ്യങ്ങൾ.

ഗ്രന്ഥശാലകളുടെ നവീനവൽകരണത്തിനായി ലൈബ്രറി കൗൺസിൽ 2012 ൽ ഒരു കർമ സമിതി രൂപീകരിക്കുകയുണ്ടായി. ലൈബ്രറി കൗൺസിൽ പ്രതിനിധികൾ, പ്രൊഫഷണൽ ലൈബ്രേറിയന്മാർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ ഉൾപ്പെടുന്നവരായിരിന്നു സമിതി അംഗങ്ങൾ. പൊതു ഗ്രന്ഥശാലകളിലെ കമ്പ്യൂട്ടർവൽകരണത്തിനും പുസ്തക വിവരങ്ങളുടെ സമാഹരണത്തിനും കോഹ സ്വതന്ത്ര സോഫ്റ്റ്‌വെയർ മതിയെന്ന് സമിതി നിർദേശിച്ചു. കോഹ എല്ലാ ലൈബ്രറികളിലും എത്തിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിന് സോഫ്റ്റ്‌വെയർ സേവനദാതാവിനെ തിരഞ്ഞെടുക്കുകയും ചെയ്തു. കോഹ സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ ഒരു പോർട്ടൽ ആദ്യ ഘട്ടത്തിൽ തന്നെ നിലവിൽ വന്നു. ഗ്രന്ഥശാലകളുടെ വിവരങ്ങളും അവിടത്തെ പുസ്തക വിവരങ്ങളും തിരയാൻ സൗകര്യപ്രദമായ രീതിയിലാണ് പോർട്ടൽ (http://kslc.in) നിർമിച്ചിരിക്കുന്നത്. ഒപ്പം തന്നെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അറിയിപ്പുകളും വിവരങ്ങളും പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കോഹ സോഫ്റ്റ്‌വെയർ ഓരോ ഗ്രന്ഥശാലയിലും ഇൻസ്റ്റാൾ ചെയ്യാതെ ഒരു കേന്ദ്രീകൃത സെർവറിൽ പ്രവർത്തിക്കും. പുസ്തക വിതരണം, അംഗത്വ വിതരണം, റിപ്പോർട്ടുകൾ തുടങ്ങിയ കാര്യങ്ങൾ ഇന്റർനെറ്റ് ലഭ്യമായ ഒരു കമ്പ്യൂട്ടർ വഴി ഗ്രന്ഥശാലകൾക്കു ചെയ്യാൻ സാധിക്കും.

ജില്ലാ തലത്തിൽ ഇരുപത്തിയൊന്ന് ദിവസം നീളുന്ന പരിശീലന പരിപാടിയാണ് ഗ്രാമീണ ഗ്രന്ഥശാലകളിലെ ലൈബ്രേറിയന്മാർക്കായി സംഘടിപ്പിച്ചത്. താലൂക്ക് അടിസ്ഥാനത്തിൽ ആണ് ലൈബ്രേറിയന്മാർ പരിശീലനത്തിൽ പങ്കെടുത്തത്. ഒരു ബാച്ചിൽ അൻപതോളം ലൈബ്രേറിയന്മാരെ ഉൾപ്പെടുത്തി. ശരാശരി അഞ്ചോളം ബാച്ചുകൾക്കുള്ള പരിശീലനം എല്ലാ ജില്ലയിലും നടന്നു. ക്ലാസ് മുറികളിലെ പഠനത്തോടൊപ്പം, പരിമിതമായ രീതിയിൽ കോഹ



റിച്ചാർഡ് സ്റ്റാൾമാൻ

സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പരിശീലനവും നൽകുകയുണ്ടായി. ലൈബ്രറി ക്ലാസിഫിക്കേഷൻ, കാറ്റലോഗിലും വിശദമായ പ്രായോഗിക പരിശീലനമാണ് ലൈബ്രേറിയന്മാർക്ക് നൽകിയത്. വിവര സാങ്കേതികവിദ്യ മേഖലയിലുള്ള പരിമിതമായ അറിവ്, കമ്പ്യൂട്ടർ പ്രായോഗിക പരിശീലനം ഇല്ലായ്മ എന്നിവയാണ് പരിശീലന പരിപാടിയിൽ പങ്കെടുത്തവരെ ബുദ്ധിമുട്ടിച്ച ഘടകങ്ങൾ. കമ്പ്യൂട്ടറിലും കോഹ സോഫ്റ്റ്‌വെയറിലും പ്രായോഗിക പരിശീലനത്തിന് കൂടുതൽ അവസരം നൽകിയാൽ മാത്രമേ ഗ്രന്ഥശാലകളുടെ

GANDHI UNIVERSITY LIBRARY KOTTAYAM

ആധുനികവൽകരണം ഫലപ്രാപ്തിയിൽ എത്തുകയുള്ളൂ.

### സാങ്കേതിക വിദ്യകളും പൊതു ഗ്രന്ഥാലയങ്ങളുടെ ഭാവിയും

ടെലിവിഷനും ഇന്റർനെറ്റും കേരള സമൂഹത്തിൽ പ്രചാരത്തിൽ ആവുന്നതു വരെ ജനങ്ങളുടെ വിജ്ഞാന, വിനോദ ആവശ്യങ്ങൾ നിറവേറ്റിയിരുന്നത് പൊതു ഗ്രന്ഥശാലകളാണ്. ഒരു പ്രദേശത്തെ സാംസ്കാരിക കേന്ദ്രമായും സാമൂഹിക ഇടമായും (Social Place) ഗ്രാമീണ ഗ്രന്ഥശാലകൾ പ്രവർത്തിച്ചു വരുന്നു. ആഗോളവൽകരണം, സാറ്റലൈറ്റ് ടെലിവിഷന്റെ പ്രചാരം, വിവരസാങ്കേതിക വിദ്യയുടെ വളർച്ച, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, സാമൂഹിക മാധ്യമങ്ങൾ എന്നിവ കേരള സമൂഹത്തിന്റെ വിനോദ, വിജ്ഞാന മേഖലയെ മാറ്റിമറിച്ചു. ഈ മാറ്റങ്ങൾ എല്ലാം തന്നെയും പൊതു ഗ്രന്ഥശാലകളുടെ പ്രസക്തിക്ക് മങ്ങൽ ഏൽപിച്ചിട്ടുണ്ട്. വിനോദത്തിനും വിജ്ഞാനത്തിനും പൂർണമായും ഇന്റർനെറ്റിനെ ആശ്രയിക്കുന്ന ഇന്നത്തെ സമൂഹത്തിൽ പരമ്പരാഗത സേവനങ്ങൾ കൊണ്ട് ജനങ്ങളെ ഗ്രന്ഥശാലകളിലേക്ക് ആകർഷിക്കാനാവുന്നില്ല എന്നത് യാഥാർഥ്യമാണ്. ഗൂഗിൾ പോലെയുള്ള ഇന്റർനെറ്റ് തിരച്ചിൽ സങ്കേതങ്ങൾക്ക് വിജ്ഞാന ദാഹികളുടെ വിവര തൃഷ്ണയെ അതിവേഗം തൃപ്തിപ്പെടുത്താൻ സാധിക്കുമ്പോൾ, പൊതു സമൂഹത്തിനു ഗ്രന്ഥാലയങ്ങളോടുള്ള കാഴ്ചപ്പാടിലും വ്യത്യാസം വന്നിട്ടുണ്ട്. ഇന്റർനെറ്റ് യുഗത്തിൽ പൊതുസമൂഹത്തിന്റെ വായനശീലത്തിന് ഗണ്യമായ അഭിവൃദ്ധി ആണ് വന്നിരിക്കുന്നത്. പുസ്തകങ്ങളിൽ നിന്നും വായന, കമ്പ്യൂട്ടർ, മൊബൈൽ മാധ്യമങ്ങളിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നു. സാമൂഹ്യ മാധ്യമങ്ങളും പത്രമാസികകളുടെ ഓൺലൈൻ സാന്നിധ്യവുമാണ് പുതിയ വായനാ സംസ്കാരത്തിന് വഴിതുറന്നത്.

ആധുനിക വിവര സാങ്കേതിക വിദ്യയുടെ ആനുകൂല്യങ്ങൾ ഗ്രന്ഥാലയ സേവനങ്ങൾ മെച്ചപ്പെടുത്താനായി ഉപയോഗിക്കുകയാണെങ്കിൽ പൊതുസമൂഹത്തിനും ഗുണകരമായിരിക്കും. സോഷ്യൽ മീഡിയ പോലെയുള്ള ഇന്റർനെറ്റ് അധിഷ്ഠിത ജനകീയ സേവനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രന്ഥാലയങ്ങൾക്കു പൊതുസമൂഹത്തിൽ നിത്യസാന്നിധ്യമാകാവുന്നതാണ്. കോഹ പോലെയുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ സംവിധാനങ്ങളിൽ സോഷ്യൽ മീഡിയ സേവനങ്ങൾ ചേർത്തിണക്കാനുള്ള സൗകര്യങ്ങളുമുണ്ട്. ഗ്രന്ഥാലയ ഉപയോക്താവിന് കമ്പ്യൂട്ടർ, മൊബൈൽ ഫോൺ വഴി ഗ്രന്ഥാലയ സേവനങ്ങൾ ഉപയോഗിക്കാനുമാവും.



പഴയകാല മൊബൈൽ ലൈബ്രറി

ഓൺലൈൻ കാറ്റലോഗ്, എസ്.എം.എസ്., ഇ- മെയിൽ അറിയിപ്പുകൾ, പുസ്തകങ്ങൾക്ക് റേറ്റിങ് നൽകൽ, നിരൂപണം, പുസ്തകങ്ങൾ വാങ്ങാനുള്ള നിർദേശങ്ങൾ സമർപ്പിക്കൽ തുടങ്ങിയ സൗകര്യങ്ങൾ കോഹ അധിഷ്ഠിത ഗ്രന്ഥാലയ ശൃംഖലയിലൂടെ സാധ്യമാകും. എല്ലാ വിവരശേഖരങ്ങളും പരസ്പരം പങ്കുവയ്ക്കുക വഴി പൊതു ഗ്രന്ഥാലയങ്ങളെ പഠന ഗവേഷണ കേന്ദ്രങ്ങളായും മാറ്റാൻ സാധിക്കും. വീഡിയോ കോൺഫറൻസിങ്, ഓൺലൈൻ സെമിനാറുകൾ, സംവാദം, പ്രഭാഷണങ്ങൾ തുടങ്ങിയ വിജ്ഞാന വിനിമയ പരിപാടികൾക്ക് ഗ്രന്ഥാലയങ്ങളിൽ വേദിയൊരുക്കാൻ നവ സാങ്കേതികവിദ്യകൾ കൊണ്ട് സാധിക്കും. ഇത്തരം പരിപാടികളിൽ ലോകത്തെവിടെ ഇരുന്നു കൊണ്ടും തൽസമയം പങ്കെടുക്കുന്നതിനും പിന്നീട് കാണുന്നതിനുമുള്ള സൗകര്യങ്ങൾ ലൈബ്രറികളിൽ ഒരുക്കാം.

### ഉപസംഹാരം

കേരളത്തിലെ മുഴുവൻ പൊതു ഗ്രന്ഥശാലകളുടെയും നവീനവൽകരണം ഘട്ടം ഘട്ടമായി നടത്തേണ്ടതും വെല്ലുവിളികൾ നിറഞ്ഞതുമായ ബൃഹത്തായ ഒരു പദ്ധതിയാണ്. ലോകത്തു തന്നെ ഇത്രയധികം ഗ്രന്ഥശാലകളെ പരസ്പരം ബന്ധിപ്പിച്ച് ഒരു ശൃംഖലയിൽ ആക്കുന്ന പദ്ധതി ആദ്യമായിട്ടായിരിക്കും. ഇത്രയധികം ഗ്രന്ഥശാലകളെ കോഹ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ബന്ധിപ്പിക്കാനുള്ള കാര്യക്ഷമതാ പരീക്ഷണം എങ്ങും നടന്നിട്ടില്ല. ഇതിനോട് ഏകദേശം സമാനമായ ഒരു നവീനവൽകരണ പദ്ധതി തുർക്കിയിൽ ആണ്

നടന്നിട്ടുള്ളത്. അവിടെ 1136 പൊതു ഗ്രന്ഥശാലകളെ കോഹ സോഫ്റ്റ്വെയർ ഉപയോഗിച്ചു പരസ്പരം ബന്ധിപ്പിച്ചു. ഈ പദ്ധതി 2014 ൽ പൂർത്തിയായി.

ലൈബ്രേറിയന്മാരെ നവീനവൽകരണ പദ്ധതിക്ക് പ്രാപ്തരാക്കുന്നതിന് തുടർപരിശീലനങ്ങൾ ആവശ്യമുണ്ട്. ഓരോ ജില്ലാ കേന്ദ്രത്തിലും സ്ഥിരം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. അവിടങ്ങളിൽ തുടർപരിശീലനങ്ങളും മികച്ച പരിശീലകരുടെ സേവനവും ലഭ്യമാകണം. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും നവീനവൽകരണത്തിന്റെ മേൽനോട്ടം വഹിക്കാനും പുരോഗതി വിലയിരുത്താനും കർമ്മ സമിതികൾ രൂപീകരിക്കണം. ഈ സമിതിയിൽ പ്രൊഫഷണൽ ലൈബ്രേറിയന്മാരുടെ സാന്നിധ്യം ഉണ്ടാകാൻ ശ്രദ്ധിക്കണം. പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ ലൈബ്രേറിയന്മാരെ നവീനവൽകരണ സമിതിയിലേക്ക് ക്ഷണിക്കുകയും പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തുകയും ചെയ്യാം. ലൈബ്രറി സയൻസ് വിദ്യാർഥികളെയും പഠനം കഴിഞ്ഞവരെയും സേവനം പദ്ധതിയുടെ പ്രാദേശിക തല നടത്തിപ്പിനായി ഉപയോഗിക്കാം.

സഹകരണ ശൃംഖല കെട്ടിപ്പടുത്തു കൊണ്ട് ഗ്രന്ഥാലയങ്ങളിലെ വിവര ശേഖരം പരസ്പരം പങ്കുവയ്ക്കുകയും അതോടൊപ്പം പുതുതലമുറയ്ക്ക് ആവശ്യമായ നവീനങ്ങളായ സേവനങ്ങൾ നൽകാനും പര്യാപ്തമാകണം. ഇന്റർനെറ്റ് എന്നത് ആവശ്യവും അനാവശ്യവുമായ വിവരങ്ങൾ ലഭ്യമായ ഒരിടമാണ്. ഇന്റർനെറ്റിൽ വിവരങ്ങൾ തിരയുന്നവർ വിവര സാക്ഷരതയുടെ (Information Literacy) അഭാവം മൂലം തെറ്റായ വിവരങ്ങളിലേക്ക് എത്തിച്ചേരാൻ സാധ്യതയുണ്ട്. പൊതു സമൂഹത്തിന് ശരിയായ വിവര സാക്ഷരത നൽകാൻ നമ്മുടെ ഗ്രന്ഥാലയങ്ങൾക്ക് കഴിയണം. വിവര സാക്ഷരത, സാങ്കേതിക സാക്ഷരത (Digital Literacy), സാഹിത്യ ചോരണം (Plagiarism), ഇന്റർനെറ്റിലെ തുടർ വിദ്യാഭ്യാസ സാധ്യതകൾ പരിചയപ്പെടുത്തൽ, ആരോഗ്യ സാക്ഷരത, ഇ- ഗവേർണൻസ്, ഇ- കോമേഴ്സ് തുടങ്ങിയ മേഖലകളിലെല്ലാം സേവനം നൽകാൻ പൊതു ഗ്രന്ഥശാലകൾ പര്യാപ്തമാകണം.

**വിമൽ കുമാർ വി.**
ടെക്നിക്കൽ അസിസ്റ്റന്റ്
മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ലൈബ്രറി
കോട്ടയം

**ഡോ.കെ.സി. അബ്ദുൾ മജീദ്**
അസോസിയേറ്റ് പ്രൊഫസർ
ലൈബ്രറി സയൻസ് പഠന വിഭാഗം
ഫാറൂഖ് കോളെജ്
കോഴിക്കോട്

# പുസ്തകം







**കവിത**
**കുഞ്ഞപ്പ പട്ടാന്നൂർ**
**രണ്ടു വാല്യങ്ങൾ**
കോറസ് ബുക്സ്, കണ്ണൂർ
വില: 300 രൂപ (ഒരു വാല്യം)

ശ്രദ്ധേയനായ കവി കുഞ്ഞപ്പ പട്ടാന്നൂരിന്റെ കവിതകൾ രണ്ടു വാല്യങ്ങളിലായി. ഒന്നു രണ്ടും വാല്യത്തിലായി സ്വപ്നകൗമാരങ്ങൾ, ക്ഷുഭിതയൗവനം, ജീവിതകഗാഥകൾ വർത്തമാനത്തിന്റെ തോറ്റങ്ങൾ, ഇന്ത്യൻ അവസ്ഥകൾ, ഭൂമിഗാഥകൾ എന്നിങ്ങനെ ആറു ഭാഗങ്ങൾ. ഇ.എം.എസ്., കെ. അയ്യപ്പപ്പണിക്കർ, പി. ഗോവിന്ദപ്പിള്ള, എം.എം. നാരായണൻ തുടങ്ങിയവർ കവിതയെക്കുറിച്ചെഴുതിയ ലേഖനഭാഗങ്ങൾ അനുബന്ധമായുണ്ട്. "കീഴാള സ്വത്വത്തിന്റെ സ്വപ്നശേഖരങ്ങൾ, രക്തസാക്ഷിത്വത്തിന്റെ ത്യാഗധീരതകൾ, ഒളിപ്പോരിന്റെ സംഘർഷസ്ഥലികൾ എല്ലാം ഭാഷയുടെ ശേഷികൊണ്ട് സാധ്യമാകുംവിധം സത്യസന്ധമായും പ്രതിജ്ഞാബന്ധമായും ആവിഷ്കരിക്കാൻ കാവ്യജീവിതത്തിന്റെ രാപ്പകലുകളിൽ ഞാനധ്വാനിച്ചിട്ടുണ്ട് "- കുഞ്ഞപ്പ പട്ടാന്നൂർ പുസ്തകത്തിന്റെ ആമുഖത്തിൽ എഴുതുന്നു.

---

**കരളിന്റെ പൊരുൾ** (ആരോഗ്യം) ഡോ. എം.സി. സാവിത്രി, ശാസ്ത്രസാഹിത്യ പരിഷത്ത്, വില: 75 രൂപ

**ഇവിടെ ഇങ്ങനെയൊരു പുസ്തകം** (ലേഖനം) എം. മുകുന്ദൻ, ഹരിതം, വില: 120 രൂപ

**50 വർഷം** (ലേഖനം) കെ. പ്രഭാകരൻ, പ്രഭാത്, വില: 90 രൂപ

**മാനവീയം** (കവിത) എ.കെ. ദിനേശൻ, ലിപി, വില: 50 രൂപ

**മോഹൻദാസ് മൊകേരിയുടെ കവിതകൾ** (കവിത) മോഹൻദാസ് മൊകേരി, പ്രഭാത്, വില: 110 രൂപ

**അന്വേഷണത്തിന്റെ അനുഭവം** (നിരൂപണം) പ്രൊഫ. എം. ചന്ദ്രബാബു, പ്രഭാത്, വില: 260 രൂപ

**സന്ധ്യാകീർത്തനങ്ങൾ** (ആധ്യാത്മികം) സമാഹരണം: അരവിന്ദൻ കെ.എസ്. മംഗലം, കറന്റ് ബുക്സ്, വില: 250 രൂപ

**ആസ്തികനായി ദൈവം** (പഠനം) പി. കേശവൻ നായർ, കറന്റ് ബുക്സ്, വില: 110 രൂപ

**മുൻവിധികളുടെ നിഷേധം** (ലേഖനം) കാസിം വാടനപ്പള്ളി, പൂർണ, വില: 100 രൂപ

**അതിരുകൾ മാറുന്ന യൂറോപ്പിലൂടെ** (യാത്രാവിവരണം) എം.സി. ചാക്കോ, കറന്റ് ബുക്സ്, വില: 100 രൂപ

**101 പുരാണകഥകൾ** (ബാലസാഹിത്യം) പകൽക്കുറി വിശ്വൻ, ഡി.സി. ബുക്സ്, വില: 199 രൂപ